**കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

**45(1290)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വിശദമാക്കുമോ ;

(സി) ആർക്കെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച തുക**

**46(1291)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദുരിതാശ്വാസത്തിനായി അനുവദിച്ച തുക അപേക്ഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി) ആദ്യം അനുവദിച്ച തുകകൾ വിതരണം ചെയ്തു കഴിഞ്ഞു. ഈയിടെ അനുവദിച്ചവ വിതരണം ചെയ്തു വരുന്നു.

**വയനാട് ജില്ലയിലെ മൂന്നു മണ്ഡലങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക**

**47(1292)** ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ മൂന്നു മണ്ഡലങ്ങളിൽ അനുവദിച്ച തുക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly